എസ്. പർവേസ് മൻസൂർ

# പരിസ്ഥിതിയും മൂല്യങ്ങളും ഇസ്‌ലാമിക വീക്ഷണം

**അതിവേഗം** സംഭവിച്ചുകൊണ്ടിരിക്കുന്ന പരിസ്ഥിതിനാശം മൂല്യങ്ങളുടെ പ്രതിസന്ധിയെയാണ് അടയാളപ്പെടുത്തുന്നത്. പാശ്ചാത്യ നാഗരികതയുടെ വികാസത്തിന്റെ ഏറ്റവും പ്രകടമായ ഭാവമാണത്. ആധുനിക ശാസ്ത്രവും സാങ്കേതിക വിദ്യയും നമുക്ക് നൽകിയത് നമ്മെ തന്നെ പൂർണമായും നശിപ്പിക്കാനുള്ള ശേഷികൂടിയാണ്. ഈ വസ്തുതയിൽനിന്ന് ഒളിച്ചോടാനാവില്ല. ഭൂമിയിലെ നമ്മുടെ വാസത്തിനു നേരെ പോലും ഉയർന്നിരിക്കുന്ന ഭീഷണി ആ സംഹാരശേഷിയുടെ ഒരു സൂചന മാത്രം.

### ആധുനിക സാഹചര്യം

ഭൗതിക-പ്രകൃതി ശക്തികൾക്കുമേൽ കൈവരിച്ച ഭീതിജനകമായ ആധിപത്യമാണ് ആധുനിക നാഗരികതയുടെ സവിശേഷത. ഭൂമിയെ കീഴ്പ്പെടുത്തിയ ആധുനിക മനുഷ്യന്റെ ആർത്തിപൂണ്ട കണ്ണുകൾ നക്ഷത്രങ്ങളിലേക്കും ഇതര ഗ്രഹങ്ങളിലേക്കും തിരിഞ്ഞിരിക്കുന്നു. രാഷ്ട്രീയ പ്രത്യയശാസ്ത്രവും മതബോധവും സാംസ്കാരിക പൈതൃകവും ചരിത്ര പാരമ്പര്യവുമെല്ലാം ആധുനികതയുടെ ബലിക്കല്ലിൽ കുരുതികഴിക്കപ്പെടുന്നു. പ്രകൃതിക്കുമേലുള്ള പാശ്ചാത്യ അധിനിവേശത്തിന്റെ കൊള്ളമുതലുകൾക്കായി സമകാലികസമൂഹങ്ങൾ മുഴുവൻ ഒരു തരത്തിലുള്ള ധാർമിക നിയന്ത്രണങ്ങളോടും പ്രതിബദ്ധതയില്ലാതെ കടിപിടികൂടുന്നതാണ് കാണാനുള്ളത്.

പാശ്ചാത്യ കരുത്തിന്റെ കണ്ണഞ്ചിക്കുന്ന പ്രദർശനത്തിനുമുമ്പിൽ മറ്റുള്ളവർ അന്ധരായിത്തീർന്നിട്ടുണ്ടെങ്കിലും സ്വനാഗരികതയുടെ മൗലിക ധാർമിക ശക്തികളെക്കുറിച്ച് പടിഞ്ഞാറിന് ഇപ്പോഴും തീർച്ചയില്ല. പടിഞ്ഞാറൻ സാങ്കേതിക പരിഹാരങ്ങൾക്കു വഴങ്ങാത്ത അസംഖ്യം പ്രശ്നങ്ങൾ ഉയർന്നുവരുമ്പോൾ പാശ്ചാത്യർ പരാജയവും നിസ്സഹായതയും പ്രകടിപ്പിക്കുന്നു. 'പുരോഗതിയും വികസനവും' എന്ന ലക്കും ലഗാനുമില്ലാത്ത വിശ്വാസാദർശം എന്നെന്നേക്കുമായി നിലനിർത്തുന്നതിലുള്ള പരാജയം ഒരു വംശം എന്ന നിലയിൽ ഭൂമിയിൽ നിലനിൽക്കാനുള്ള മനുഷ്യന്റെ കഴിവിനെ കുറിച്ച് സംശയമുണർത്തുന്നു പോലുമുണ്ട്. പരിസ്ഥിതി ദുരന്തത്തെ കുറിച്ച വിപത് സൂചനകൾ ശാസ്ത്രത്തെ കുറിച്ച അതിഭാവുകത്വം നിറഞ്ഞ ജൽപനങ്ങളിൽ നിയന്ത്രണവും എളിമയും ആവശ്യപ്പെടുന്നുണ്ട്. ചുരുക്കത്തിൽ, ചെറിയൊരിടവേളയിൽ മനുഷ്യൻ ആസ്വദിച്ച ആധിപത്യത്തെക്കുറിച്ച മായികബോധം ഇന്ന് നഷ്ടപ്പെട്ടിരിക്കുന്നു. മനുഷ്യന്റെ കഴിവുകളെ കുറിച്ച പഴയ അതിരില്ലാത്ത ആത്മവിശ്വാസവും ഇല്ലാതായിരിക്കുന്നു.

### പാരിസ്ഥിതിക നൈതികതയും മതബോധവും

പ്രകൃതിക്കുമേൽ തന്നിഷ്ടം അടിച്ചേൽപിക്കാനുള്ള മനുഷ്യന്റെ ശ്രമങ്ങൾ മനുഷ്യനായി തുടരാനുള്ള അവന്റെ നിരന്തര പോരാട്ടത്തിന്റെ അനിവാര്യഭാഗമായാണ് പലപ്പോഴും വിലയിരുത്തപ്പെടുന്നത്. പ്രകൃതിയോടുള്ള മനുഷ്യന്റെ പെരുമാറ്റം അതിനുമേൽ ആധിപത്യം ചെലുത്തലോ അതിനുമുമ്പിൽ നിവേദ്യങ്ങൾ അർപ്പിച്ച് പ്രീതിപ്പെടുത്താൻ ശ്രമിക്കലോ ആകട്ടെ, അവ രണ്ടിലും പ്രതിഫലിക്കുന്നത് തന്നെ കുറിച്ച അവന്റെ നിലപാടും അവൻ മുറുകെപ്പിടിക്കുന്ന മൂല്യങ്ങളുമാണ്. മനുഷ്യൻ വസിക്കുകയും തന്റെ അഭിലാഷങ്ങൾ സാക്ഷാത്കരിക്കാനുള്ള ഇടമായി കാണുകയും ചെയ്യുന്ന പരിസ്ഥിതി ഒരു സംസ്കാരത്തിന്റെ ലോകവീക്ഷണത്തെ വെളിപ്പെടുത്തുന്നുണ്ട്. അവസാന വിശകലനത്തിൽ, പരിസ്ഥിതി വിഷയങ്ങൾ ആണ്ടുകിടക്കുന്നത് ഒരു സംസ്കാരത്തിന്റെ ധാർമികവും നൈതികവുമായ ബോധത്തിലാണ്. മതകീയ വീക്ഷണത്തിന്റെ അവിഭാജ്യ ഭാഗം തന്നെയാണ് പരിസ്ഥിതി പഠനം.

പരിസ്ഥിതിത്തകർച്ചയെ കുറിച്ച് വളർന്നുവരുന്ന ബോധത്തിന്റെ ഭാഗമായി താഴെ പറയുന്ന ചോദ്യങ്ങൾ ഇപ്പോൾ നിരന്തരമായി ഉന്നയിക്കപ്പെടുന്നുണ്ട്: നിലവിലുള്ള പാരിസ്ഥിതിക അസന്തുലിതാവസ്ഥ ആധുനിക സംസ്കാരത്തിന്റെ ആത്മീയശൂന്യതയെ എപ്രകാരം സൂചിപ്പിക്കുന്നു? ആധുനിക നാഗരികതയെ നാശത്തിന്റെ വക്കിലെത്തിച്ച പാരിസ്ഥിതിക നിലപാടിന്റെ ആധ്യാത്മികവും ദാർശനികവുമായ വേരുകൾ ഏവ? സമകാലികവും പൗരാണികവുമായ ഇതര സംസ്കാരങ്ങളിൽനിന്ന് പാശ്ചാത്യ പ്രകൃതിവീക്ഷണത്തെയും പാരിസ്ഥിതിക നൈതികതയെയും വേർതിരിക്കുന്ന ബൗദ്ധികവും ആത്മീയവുമായ പൈതൃകമേത്? സാങ്കേതികവിദ്യാ വിപ്ലവമെന്ന ഭൂതത്തെ തുറന്നുവിട്ട് ഒടുവിൽ അതിനെ കുടത്തിൽ തിരിച്ചടക്കാനാവാതെ കുഴങ്ങിയ വ്യാവസായിക സമൂഹത്തിന്റെ പ്രത്യക്ഷവശം മാത്രമാണോ നിയന്ത്രണമില്ലാത്ത പ്രകൃതിവിഭവചൂഷണവും പാരിസ്ഥിതിക ദൂഷണവും? പാരിസ്ഥിതിക നാടകത്തിലെ വില്ലൻ മനുഷ്യൻ മാത്രമാണോ? ഇതുവരെയുള്ള എല്ലാ ധർമസംഹിതകളും മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധം മാത്രം പരിഗണിച്ചതായിരിക്കുമോ നമ്മുടെ പാരിസ്ഥിതിക ദുരവസ്ഥയുടെ അടിസ്ഥാന കാരണം?

ഈ ചോദ്യങ്ങൾക്ക് ലിൻവൈറ്റ് ജൂനിയർ വളരെ പ്രകോപനപരമായൊരു ഉത്തരം നൽകിയിട്ടുണ്ട്. നമ്മുടെ പാരിസ്ഥിതിക പ്രശ്നങ്ങളുടെ വേരുകൾ കിടക്കുന്നത് ജൂത-ക്രൈസ്തവ ധാർമികതകളിലാണെന്ന ആശയമാണ് വൈറ്റ് മുന്നോട്ടുവെക്കുന്നത്. ബൈബിൾ പാരമ്പര്യപ്രകാരം മനുഷ്യൻ പ്രകൃതിക്കുപരിയാണെന്ന് വൈറ്റ് വാദിക്കുന്നു. മനുഷ്യൻ

ദൈവത്തിന്റെ പ്രത്യേക സൃഷ്ടിയും പ്രകൃതിക്കുമേൽ ആധിപത്യം ചെലുത്താൻ കൽപിക്കപ്പെട്ടവനുമാണ് ('നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞ് അതിനെ അടക്കി സമുദ്രത്തിലെ മത്സ്യത്തിന്മേലും ആകാശത്തിലെ പറവജാതിയിന്മേലും സകല ഭൂചരജന്തുവിന്മേലും വാഴുവിൻ' - ഉൽപത്തി 1 : 28).

പ്രകൃതിക്കുമേലുള്ള മനുഷ്യന്റെ ആധിപത്യത്തിന് അംഗീകാരം നൽകിയ ക്രൈസ്തവത പ്രകൃതി-ഭൗതിക ശാസ്ത്രങ്ങളുടെ ആവിർഭാവത്തിന് ഉപകരണമായെന്നും വൈറ്റ് തുടരുന്നു. ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും ആധുനിക മതേതരലോകത്തിന്റെയും ആവിർഭാവത്തിന്റെ മൂലകാരണം ബൈബിളിന്റെ ലോകവീക്ഷണമാണ്. എന്നല്ല, ക്രൈസ്തവ പ്രതിബദ്ധതയുടെ അനിവാര്യ സാക്ഷാത്കാരം തന്നെയാണത്. അവിടന്നങ്ങോട്ട് വൈറ്റിന്റെ വാദങ്ങൾ കുറ്റാരോപണമായി മാറുന്നു. പ്രകൃതിക്കുമേലുള്ള മനുഷ്യന്റെ അനിയന്ത്രിതമായ ആധിപത്യത്തിന് അംഗീകാരം നൽകിയ, ബൈബിൾ പരിചയപ്പെടുത്തുന്ന സൃഷ്ടികർത്താവിനെയും പ്രതിക്കൂട്ടിൽ നിർത്തുന്നു. പുതിയ പാരിസ്ഥിതിക പ്രതിസന്ധിയുടെ വേരുകൾ കിടക്കുന്നത് ബൈബിളിലെ ആദ്യ അധ്യായമായ 'ഉൽപത്തി'യിലായതിനാൽ ക്രൈസ്തവത തീർച്ചയായും നിലവിലുള്ള പരിസ്ഥിതി ദുരന്തങ്ങളുടെ ആക്ഷേപമർഹിക്കുന്നുവെന്ന് വൈറ്റ് വിശ്വസിക്കുന്നു. പരിസ്ഥിതിനാശത്തിന് കാരണമാകുംവിധം ദുരുപയോഗം ചെയ്യുന്ന ആധിപത്യ ധർമസംഹിതകൾ വലിച്ചെറിഞ്ഞ് തൽസ്ഥാനത്ത് ഫ്രാൻസിസ്കൻ യാഥാസ്ഥിതികത്വം സ്ഥാപിക്കണമെന്ന് വൈറ്റ് ആവശ്യപ്പെടുന്നുമുണ്ട്.

## വിഗ്രഹാരാധനയും പ്രകൃതിപൂജയും

വിഗ്രഹാരാധനക്കും പ്രകൃതിപൂജക്കുമെതിരായ ഏകദൈവത്വ കുരിശുയുദ്ധം സാങ്കൽപിക ശത്രുവിനെതിരായ വിഡ്ഢിത്തം നിറഞ്ഞ നീക്കമായി നിരാകരിക്കപ്പെടുന്നു. കാരണം, 'ജൂത-ക്രൈസ്തവ സംസ്കാരങ്ങളുടെ ധാരണകൾക്ക്/തെറ്റുധാരണകൾക്ക് അപ്പുറം പരിഗണിക്കത്തക്കവിധം വിഗ്രഹാരാധന പോലുള്ള വല്ലതും നിലനിന്നിരുന്നോ എന്ന് സംശയമാണ്'. നേരെമറിച്ച് 'ദൈവിക പരിവേഷം ഇല്ലായ്മ ചെയ്ത പ്രകൃതി, മതാചാരപരമായ വ്യക്തതയില്ലാത്ത നമ്മുടെ പ്രകൃതി ഒരു വിഗ്രഹം, അഥവാ അന്തിമവും സ്വയം പര്യാപ്തവുമായി കണക്കാക്കപ്പെടുന്ന ഒരു പ്രത്യക്ഷ യാഥാർഥ്യം; അത്യുന്നതവും ഏകവുമായ യാഥാർഥ്യം ആവുകയാണുണ്ടായത്.' നിലവിലുള്ള പാരിസ്ഥിതിക ദുരന്തത്തിൽ മുഴുവൻ പ്രവാചക പരമ്പരയും പ്രതികളാണെന്ന് ആരോപിക്കുകയാണിത്!

'ഏകദൈവത്വം പരിസ്ഥിതിയുടെ വില കെടുത്തിക്കളഞ്ഞു' എന്ന വിവാദത്തിന്റെ മറ്റൊരു പ്രത്യേകത ഈ ചർച്ചയിൽ ഇസ്‌ലാമിനെ ഉൾപ്പെടുത്തുന്നില്ല എന്നതാണ്. മാർക്സിസത്തെ പോലെ ജൂത-ക്രൈസ്തവതക്കെതിരായുണ്ടായ, സ്വന്തമായി യാതൊന്നും മുന്നോട്ടുവെക്കാനില്ലാത്ത വിരുദ്ധാശയമായി ഇസ്‌ലാമിനെ തള്ളിക്കളയുകയാണ്.

ശാസ്ത്രത്തിന്റെ വികാസത്തിൽ മധ്യയുഗ കാലത്തെ 'ഇസ്‌ലാം വാഴ്ച'ക്ക് ഒന്നോ രണ്ടോ ചിന്ത മാറ്റിവെക്കുന്നവർ ആ അസാധാരണത്വത്തെ അതിലളിതമായും തെറ്റായും 'വ്യാഖ്യാനിച്ചുകളയുന്നു.' ഇസ്‌ലാമിക ശാസ്ത്രത്തിന്റെ മുഖ്യ ഉള്ളടക്കവും പ്രവണതയും ഗ്രീക്ക് സ്രോതസ്സുകളിൽനിന്ന് ആർജിച്ചതാണെന്നാണ് വാദം. 'നിലവിലുള്ള ചർച്ചയുടെ പശ്ചാത്തലത്തിൽ, മുസ്‌ലിം ശാസ്ത്രമെന്ന വിഷയം പൊതുവായി കരുതപ്പെടുന്നതിന്റെ എതിർദിശയിലേക്കാണ് ന്യായമായും നയിക്കുക'യെന്നും വാദിക്കപ്പെടുന്നു.

പ്രകൃതിശാസ്ത്രവുമായുള്ള ഇസ്‌ലാമിന്റെ ബന്ധം എന്ന വിഷയം മുഴുവനായും ശരിയായൊരു അന്വേഷണത്തിനു വിധേയമാക്കേണ്ടതുണ്ട്. ഏതായാലും ഇസ്‌ലാമിന്റെ ശാസ്ത്രദർശനം പൗരാണിക ഗ്രീക്ക്, റോമൻ ശാസ്ത്രദർശനത്തിൽനിന്ന് ഭിന്നമാണെന്ന് ലഭ്യമായ എല്ലാ തെളിവുകളും പറയുന്നു. പടിഞ്ഞാറിന് പരിചിതമായ തരത്തിലുള്ള വികസനത്തിലേക്ക് ഇസ്‌ലാമിലെ ശാസ്ത്രം നയിക്കുന്നില്ലെങ്കിൽ മൂല്യങ്ങളിൽനിന്ന് അത് വേർപ്പെട്ടിട്ടില്ലെന്നതാണ് ലളിതമായ കാരണം. മുസ്‌ലിംകളുടെ ശാസ്ത്രരംഗത്തെ അധഃപതനത്തിൽ പല സുവ്യക്ത ഘടകങ്ങളും സ്വാഭാവികമായും പങ്കുവഹിച്ചിട്ടുണ്ടെങ്കിലും നിയന്ത്രണത്തിന്റെ മുഖ്യഘടകം ധാർമികം തന്നെയാണ്. ഇതിനെ കേവലം എതിർപ്പായി വിലകുറച്ചുകണ്ടുകൂടാ.

പാരിസ്ഥിതിക നിലപാടുകളുടെ രൂപീകരണത്തിൽ മതബോധത്തിനുള്ള പങ്ക് കൂടുതൽ പരിഗണനയർഹിക്കുന്നുണ്ട്. അന്വേഷണവും താരതമ്യവും നടത്താതെ ഈ വിഷയത്തിൽ ഖുർആന്റെയും ബൈബിളിന്റെയും നിലപാട് ഒന്നു തന്നെയാണെന്ന് സങ്കൽപിക്കുന്നതിന് നീതീകരണമില്ല. ദൈവം, സൃഷ്ടിപ്പ്, മനുഷ്യൻ, ചരിത്രം, വെളിപാട് തുടങ്ങിയ പൊതുവായ 'ഏകദൈവത്വ പദാവലി'കളുള്ളതോടൊപ്പം തന്നെ മനുഷ്യന്റെ ആത്യന്തികലക്ഷ്യത്തെക്കുറിച്ചും പ്രകൃതിയുമായുള്ള അവന്റെ ബന്ധത്തെക്കുറിച്ചുമുള്ള ഖുർആനിക പ്രസ്താവന ഗതിയിലും ക്രമത്തിലും മാത്രമല്ല, സത്തയിൽ തന്നെ ബൈബിളിന്റേതിൽനിന്ന് ഭിന്നമാണ്. പ്രകൃതിയും നൈതികതയും ഖുർആനിക ലോകവീക്ഷണത്തിന്റെ മർമം തന്നെയാണ്. ഭൗതികലോകത്ത് ഉത്കൃഷ്ട മൂല്യങ്ങൾ നിറക്കുക എന്നതാണ് ഖുർആന്റെ വീക്ഷണത്തിൽ മനുഷ്യന്റെ മുഖ്യലക്ഷ്യം.

## വിമോചനം അല്ലെങ്കിൽ വിനാശം

ഭൗതിക ചുറ്റുപാടിൽ ധാർമിക പ്രതിബദ്ധത കൈക്കൊള്ളാനുള്ള മനുഷ്യന്റെ ശേഷിയെ ആശ്രയിച്ചാണ് മനുഷ്യന്റെ വിമോചനമോ വിനാശമോ സംഭവിക്കുന്നത്. പ്രകൃതിയും ധാർമികതയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച ഖുർആനികാശയം മർമപ്രധാനമാണ്. നിലവിലുള്ള പാരിസ്ഥിതിക പ്രതിസന്ധി ഇസ്‌ലാമിനെ സവിശേഷ പ്രസക്തിയുള്ള ഒരു ധാർമിക പാരമ്പര്യമാക്കി മാറ്റിയിരിക്കുന്നു. ആധുനികതയുടെ മുമ്പിൽ കണ്ണഞ്ചിപ്പോയിരുന്ന അസംഖ്യം മുസ്‌ലിംകൾ ഇന്ന് സ്വന്തം ആത്മീയവേരുകളിലേക്ക് തിരിച്ചെത്തിക്കൊണ്ടിരിക്കുകയാണ്. പാരിസ്ഥിതികബോധോദയവും ഇതിൽ പങ്കുവഹിക്കുന്നു. മതേതര പുരോഗമനത്തിന്റെയും, അതോടനുബന്ധിച്ച ശാശ്വത പുരോഗതിയെയും ക്ഷേമത്തെയും കുറിച്ച മിഥ്യാഭ്രമത്തിന്റെയും തത്ത്വശാസ്ത്രം ധാർമിക പ്രതിബദ്ധതയുടെയും മിതത്വത്തിന്റെയും ഖുർആനിക തത്ത്വങ്ങളുടെ വെളിച്ചത്തിൽ വീക്ഷിക്കുമ്പോൾ പ്രത്യക്ഷത്തിൽതന്നെ അപ്രസക്തമാണ്. ശാസ്ത്രത്തിന്റെയും വികസനത്തിന്റെയും പേരിൽ പ്രകൃതിയെ നശിപ്പിക്കുന്നതിനെതിരെ ആദ്യമായി ശബ്ദമുയർത്തിയവരിൽ മുസ്‌ലിം ബുദ്ധിജീവികൾ കൂടി ഉൾപ്പെട്ടത് യാദൃഛികമല്ല.

പരിസ്ഥിതിയും മൂല്യങ്ങളും സംബന്ധമായ വിഷയത്തിൽ വരുംകാലത്ത് മുസ്‌ലിം ചിന്തകന്മാർ കൂടുതലായി തങ്ങളുടെ ശബ്ദം കേൾപ്പിക്കുമെന്നുറപ്പാണ്. അടുത്തകാലം വരെ പടിഞ്ഞാറൻ ആഭ്യന്തര കുത്തകാവകാശം നിലനിന്നിരുന്ന ഇതുസംബന്ധമായ സംവാദത്തിൽ മുസ്‌ലിം ചിന്തകരും അനുയോജ്യരായ പങ്കാളികളാവും. നിലവിലുള്ള പരിസ്ഥിതിദുരന്തത്തിന്റെ പേരിൽ ഏകദൈവത്വപാരമ്പര്യം മുഴുവൻ ആക്ഷേപിക്കപ്പെടുമ്പോൾ ക്രൈസ്തവ പാരമ്പര്യത്തിനു പുറത്തുള്ള ഏകദൈവത്വ പരിഹാരങ്ങൾ കൂടി തേടേണ്ടത് അനിവാര്യമാണ്. മാനവരാശിയുടെ നിലവിലുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് ഇസ്‌ലാമിൽ തീർച്ചയായും പരിഹാരമുണ്ട്. ■